ഉത്തരം

(എ) ഗ്രാമങ്ങൾ സർക്കാർതലത്തിൽ ദത്തെടുത്ത് വികസനപ്രവർത്തനങ്ങൾ പ്രത്യേകമായി ആരംഭിക്കുന്ന പരിപാടി ഇപ്പോൾ നിലവിലില്ല. ഇക്കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലുമില്ല.

(ബി), (സി) & (ഡി) ചോദ്യം ഉദിക്കുന്നില്ല.

കാസർകോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

114 [1637] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികകളാണ് ജീവനക്കാരില്ലാതെ ഒഴിഞ്ഞ് കിടക്കുന്നതെന്ന് തരംതിരിച്ച് വെളിപ്പെടുത്താമോ;

(സി) ജീവനക്കാരില്ലാത്തതുമൂലം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തികൾക്ക് തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)	1.	എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	1
	2.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	3
	3.	അസിസ്റ്റന്റ് എഞ്ചിനീയർ	..	21
	4.	ഓവർസിയർ	..	72
(ബി)	1.	അസിസ്റ്റന്റ് എഞ്ചിനീയർ	..	7
	2.	ഓവർസിയർ	..	34

(സി) ഉണ്ട്.

(ഡി) എഞ്ചിനീയർമാരുടെ തസ്തികകൾ ഒഴിവുള്ള ഗ്രാമപഞ്ചായത്തുകളിൽ പുനർവിന്യാസത്തിന് മുമ്പ് ഡി.എൽ.റ്റി.സി.യുടെ അംഗങ്ങളായിട്ടുള്ള എഞ്ചിനീയർമാരുടെ സേവനം ഉപയോഗിച്ചിരുന്ന രീതി തുടരുവാനുള്ള അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly